©
കേരള സർക്കാർ
Government of Kerala
2017

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 6<br>Vol. VI | തിരുവനന്തപുരം, ശനി<br>Thiruvananthapuram, Saturday | 2017 ജൂലൈ 15<br>15th July 2017<br>1192 മിഥുനം 31<br>31st Mithunam 1192<br>1939 ആഷാഢം 24<br>24th Ashadha 1939 | നമ്പർ<br>No. | 1476 |

## കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-ബി) വകുപ്പ്

### വിജ്ഞാപനം

നമ്പർ 15195/ലെഗ്.ബി1/2017/നിയമം.

*തിരുവനന്തപുരം, 2017 ജൂലൈ 15*
*1192 മിഥുനം 31*
*1939 ആഷാഢം 24.*

2017 ജൂലൈ 15-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ താഴെപ്പറയുന്ന ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബി. ജി. ഹരീന്ദ്രനാഥ്,
*നിയമ സെക്രട്ടറി.*

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2017.

33/2466/2017/S-18.

2017-ലെ 16-ാം നമ്പർ ഓർഡിനൻസ്

# 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഓർഡിനൻസ്

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയെട്ടാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചില കൂടുതൽ ചുമതലകൾ നിർവ്വഹിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ഓർഡിനൻസ്

പീഠിക.—കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചില കൂടുതൽ ചുമതലകൾ നിർവ്വഹിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാലും;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും, താൻ സത്വര നടപടി എടുക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും;

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള ഗവർണ്ണർ താഴെപ്പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ഓർഡിനൻസിന് 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഓർഡിനൻസ് എന്ന് പേര് പറയാം.

(2) ഇത് സർക്കാർ, ഗസറ്റ് വിജ്ഞാപനംവഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ഓർഡിനൻസിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ഓർഡിനൻസിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ പ്രകാരം നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ബി) "പബ്ലിക് സർവ്വീസ് കമ്മീഷൻ" എന്നാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നർത്ഥമാകുന്നു;

(സി) "സർവ്വീസുകൾ" എന്നാൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ കീഴിലുള്ള സർവ്വീസുകൾ എന്നർത്ഥമാകുന്നു;

(ഡി) "ട്രൈബ്യൂണൽ" എന്നാൽ 1985-ലെ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ആക്റ്റിലെ (1985-ലെ 13-ാം കേന്ദ്ര ആക്റ്റ്) 4-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ച കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ എന്നർത്ഥമാകുന്നു;

3. ട്രൈബ്യൂണലിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച് പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചുമതലകൾ.—(1) ട്രൈബ്യൂണലിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനവും സേവനവ്യവസ്ഥകളും സംബന്ധിച്ച് മറ്റ് ആക്റ്റുകളിലോ ചട്ടങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ട്രൈബ്യൂണലിലെ ഉദ്യോഗസ്ഥരേയും ജീവനക്കാരേയും, നേരിട്ടുള്ള നിയമനംവഴി നിയമിക്കുന്നതിനു വേണ്ടി സെലക്ട് ലിസ്റ്റ് തയ്യാറാക്കേണ്ടത് പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചുമതലയായിരിക്കുന്നതാണ്.

(2) ട്രൈബ്യൂണൽ, പബ്ലിക് സർവ്വീസ് കമ്മീഷനുമായി,—

(എ) ട്രൈബ്യൂണലിന്റെ കീഴിലുള്ള സർവ്വീസുകളിലെ തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനം സംബന്ധിച്ച കാര്യങ്ങളിലും;

(ബി) ട്രൈബ്യൂണലിലെ ഉദ്യോഗസ്ഥരേയും ജീവനക്കാരേയും നേരിട്ടുള്ള നിയമനംവഴി നിയമിക്കുന്നതിന് പാലിക്കേണ്ട തത്വങ്ങളിൻമേലും അങ്ങനെയുള്ള നിയമനങ്ങളിലേക്കുള്ള ഉദ്യോഗാർത്ഥികളുടെ അനുയോജ്യത സംബന്ധിച്ചും,

കൂടിയാലോചിക്കേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കപ്പെടുന്ന ഏതൊരു കാര്യത്തിൻമേലും ഉപദേശം നൽകേണ്ടത് പബ്ലിക് സർവ്വീസ് കമ്മീഷന്റെ കർത്തവ്യമായിരിക്കുന്നതാണ്:

എന്നാൽ സാമാന്യമായതോ ഏതെങ്കിലും പ്രത്യേക സംഗതിയിലോ പ്രത്യേക വിഭാഗം സംഗതികളിലോ ഏതെങ്കിലും പ്രത്യേക സാഹചര്യത്തിലോ പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കേണ്ടതില്ലാത്ത സംഗതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുന്ന ചട്ടങ്ങൾ സർക്കാരിന് ഉണ്ടാക്കാവുന്നതാണ്.

(4) പബ്ലിക് സർവ്വീസ് കമ്മീഷനും ട്രൈബ്യൂണലും തമ്മിൽ (2)-ാം ഉപവകുപ്പ് പ്രകാരം കൂടിയാലോചിക്കുന്ന ഒരു സംഗതിയിൽ, എന്തെങ്കിലും അഭിപ്രായവ്യത്യാസമുള്ളപക്ഷം ട്രൈബ്യൂണൽ ആ സംഗതി സർക്കാരിലേക്ക് റഫർ ചെയ്യേണ്ടതും, അതിൻമേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്:

എന്നാൽ സർക്കാർ, പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിനെതിരായി ഒരു തീരുമാനം എടുക്കുന്നതിനുമുമ്പ് ആ സംഗതി പബ്ലിക് സർവ്വീസ് കമ്മീഷന് റഫർ ചെയ്യേണ്ടതാണ്.

4. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.</u>—(1) സർക്കാരിന്, ഈ ഓർഡിനൻസിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിലേക്കായി, പബ്ലിക് സർവ്വീസ് കമ്മീഷനുമായും ട്രൈബ്യൂണലുമായും കൂടിയാലോചിച്ച്, ഗസറ്റ് വിജ്ഞാപനംവഴി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള ചട്ടങ്ങളിൽ,—

(എ) പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കുന്നതിന് ട്രൈബ്യൂണൽ അനുവർത്തിക്കേണ്ടതായ നടപടിക്രമം;

(ബി) പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കുന്ന ഉദ്ദേശ്യത്തിന് ആനുഷംഗികമോ ആവശ്യമോ ആയ ഏതെങ്കിലും സംഗതി,

എന്നിവയ്ക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) ഈ ഓർഡിനൻസിൻകീഴിലുണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിനുശേഷം, കഴിയുന്നത്രവേഗം, നിയമസഭാ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായി രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസത്തേക്ക് വയ്ക്കേണ്ടതും, അത് അപ്രകാരം വയ്ക്കുന്ന സമ്മേളനമോ തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ, അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതു

സംഗതിപോലെ, അങ്ങനെ രൂപഭേദം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്ത ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

5. വൈഷമ്യങ്ങൾ നീക്കംചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ഓർഡിനൻസിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, സർക്കാരിന് ഗസറ്റിൽ വിജ്ഞാപനം ചെയ്ത ഉത്തരവുവഴി, അങ്ങനെയുള്ള വൈഷമ്യം നീക്കം ചെയ്യുന്നതിലേക്ക് ആവശ്യമെന്നോ യുക്തമെന്നോ അതിനു തോന്നുന്നതും ഈ ഓർഡിനൻസിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള യാതൊരു ഉത്തരവും ഈ ഓർഡിനൻസിന്റെ പ്രാരംഭ തീയതി മുതൽ രണ്ടു വർഷക്കാലത്തിനുശേഷം പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) ഈ വകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഓരോ ഉത്തരവും അത് പുറപ്പെടുവിച്ചതിനുശേഷം, കഴിയുന്നത്രവേഗം നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

പി. സദാശിവം,

*ഗവർണ്ണർ.*

# GOVERNMENT OF KERALA

## Law (Legislation-B) Department

## NOTIFICATION

No. 15195/Leg.B1/2017/Law.

*Dated, Thiruvananthapuram, 15th July, 2017 / 31st Mithunam, 1192 / 24th Ashadha, 1939.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in the English language of the Kerala Publish Service Commission (Additional Functions as respects the services under the Kerala Administrative Tribunal) Ordinance, 2017 (16 of 2017).

By order of the Governor,

B. G. HARINDRANATH,
*Law Secretary.*

[Translation in English of "2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഓർഡിനൻസ്" published under the authority of the Governor.]

## ORDINANCE No. 16 OF 2017

## THE KERALA PUBLIC SERVICE COMMISSION (ADDITIONAL FUNCTIONS AS RESPECTS THE SERVICES UNDER THE KERALA ADMINISTRATIVE TRIBUNAL) ORDINANCE, 2017

Promulgated by the Governor of Kerala in the Sixty-eighth Year of the Republic of India.

*AN*

*ORDINANCE*

*to provide for the exercise of certain additional functions by the Kerala Public Service Commission as respects the services under the Kerala Administrative Tribunal.*

*Preamble.*—WHEREAS, it is expedient to provide for the exercise of certain additional functions by the Kerala Public Sercvice Commission as respects the services under the Kerala Administrative Tribunal;

AND WHEREAS, the Legislative Assembly of the State of Kerala is not in session and the Governor of Kerala is satisfied that circumstances exist which render it necessary for him to take immediate action;

NOW, THEREFORE, in exercise of the powers conferred by clause (1) of Article 213 of the Constitution of India, the Governor of Kerala is pleased to promulgate the following Ordinance:—

1. *Short title and commencement.*—(1) This Ordinance may be called the Kerala Public Service Commission (Additional Functions as respects the services under the Kerala Administrative Tribunal) Ordinance, 2017.

(2) It shall come into force on such date as the Government may, by notification in the Gazette, appoint.

2. *Definitions.*—In this Act, unless the context otherwise requires,—

(a) "prescribed" means prescribed by rules made under this Ordinance;

(b) "Public Service Commission" means the Kerala Public Service Commission;

(c) "services" means the services under the Kerala Administrative Tribunal;

(d) "Tribunal" means the Kerala Administrative Tribunal constituted under sub-section (2) of section 4 of the Administrative Tribunal Act, 1985 (Central Act 13 of 1985).

3. *Functions of the Public Service Commission in respect of services under the Tribunal.*—(1) Notwithstanding anything contained in any Acts or rules regarding the recruitment and conditions of service of officers and employees of the Tribunal, it shall be the duty of the Public Service Commission to prepare select list, for appointment by direct recruitment, of all officers and employees of the Tribunal.

(2) The Tribunal shall consult the Public Service Commission,—

(a) as respects matters relating to direct recruitment to the posts under the services of the Tribunal;

(b) on the principles to be followed in making appointments by direct recruitment of the officers and employees of the Tribunal and on the suitability of candidates for such appointments.

(3) It shall be the duty of the Public Service Commission to advise on any matter under sub-section (2), where the Public Service Commission shall be consulted:

Provided that the Government may make rules specifying the matters in which, either generally, or in any particular case or class of cases or in any particular circumstances, it shall not be necessary for the Public Service Commission to be consulted;

(4) In the case of any difference of opinion between the Public Service Commission and the Tribunal on a matter to be consulted under sub-section (2), the Tribunal shall refer the matter to the Government and decision of the Government thereon shall be final:

Provided that the Government, before taking a decision against the advice of the Public Service Commission, shall refer the matter to the Public Service Commission.

4. *Power to make rules.*—(1) The Government may, by notification in the Gazette make rules, in consultation with the Public Service Commission and the Tribunal for carrying out the purposes of this Ordinance.

(2) In particular, and without prejudice to the generality of the foregoing power, such rules may provide for,—

(a) the procedure to be followed by the Tribunal for consultation with the Public Service Commission;

(b) any matter which is incidental to, or necessary for, the purpose of consultation with the Public Service Commission.

(3) Every rule made under this Ordinance shall be laid, as soon as may be after it is made, before the Legislative Assembly while it is in session for a total period of fourteen days which may be comprised in one session or in two successive sessions, and if, before the expiry of the session in which it is so laid, or the session immediately following, the Legislative Assembly makes any modification in the rule or decides that the rule should not be made, the rule shall thereafter have effect only in such modified form or be of no effect, as the case may be; so however that any such modification or annulment shall be without prejudice to the validity of anything previously done under that rule.

33/2466/2017/S-18.

5. *Power to remove difficulties.*— (1) If any difficulty arises in giving effect to the Provisions of this Ordinance, the Government may, by order published in the Gazette, make provisions not inconsistent with the provisions of this Ordinance which appear to it to be necessary or expedient, for removing such difficulty:

Provided that no such order shall be made after the expiry of a period of two years from the date of commencement of this Ordinance.

(2) Every order made under this section shall, as soon as may be after it is made, be laid before the Legislative Assembly.

P. SATHASIVAM,
*GOVERNOR.*